**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6515** **10-11-2021 - ൽ മറുപടിയ്ക്ക്**

**ക്രൂ ചേഞ്ചിംഗ് വേഗത്തിലാക്കി കപ്പലുകളെ ആകർഷിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ വി ജോയി,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി ഒ എസ് അംബിക | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | 2020 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെ ക്രൂ ചേഞ്ചിംഗിനായി വിഴിഞ്ഞം തുറമുഖത്ത് എത്ര കപ്പലുകൾ എത്തിയിരുന്നുവെന്നും ഇതിൽ നിന്നും എത്ര തുക സർക്കാരിന് വരുമാനമായി ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | 2020 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെ ക്രൂ ചേഞ്ചിംഗിനായി വിഴിഞ്ഞം തുറമുഖത്ത് 528 കപ്പലുകൾ വന്നിട്ടുണ്ട്. ക്രൂചേഞ്ച് ഇനത്തിൽ നികുതി ഉൾപ്പെടെ 6.89 കോടി രൂപ വരുമാനം ലഭിച്ചു. |
| (ബി) | കപ്പലടുപ്പിക്കുന്നതിനും ജീവനക്കാരെ കയറ്റുന്നതിനും സർക്കാർ ഇളവുകൾ നൽകുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിലെ ചട്ടങ്ങൾ അനുസരിച്ചുള്ള തുകയാണ് പ്രസ്തുത ഇനത്തിൽ ഈടാക്കുന്നത്. ഇവയിൽ പ്രത്യേക ഇളവുകളൊന്നും നിലവിൽ നല്കുന്നില്ല. |
| (സി) | ക്രൂ ചേഞ്ചിംഗ് വേഗത്തിലാക്കി കപ്പലുകളെ ആകർഷിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | ക്രൂ ചെയ്ഞ്ചിംഗ് പ്രവർത്തനം സുഗമമാക്കുന്നതിനായി 5 ബൊള്ളാർഡ് പുൾ ശേഷിയുള്ള “ധ്വനി” എന്ന മോട്ടോർ ടഗ്ഗ് തുറമുഖത്ത് 24 മണിക്കൂറും സജ്ജമാണ്. കൂടാതെ ക്രൂ ചെയ്ഞ്ചിംഗ് ഡോക്കുമെന്റേഷനുകൾ സുഗമമാക്കുന്നതിന്റെ ഭാഗമായി കപ്പലിലേക്ക് കയറുകയും ഇറങ്ങുകയും ചെയ്യുന്ന ജീവനക്കാർക്ക് വിശ്രമിക്കുന്നതിനായും, കസ്റ്റംസ് ഇമിഗ്രേഷൻ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായും 29 ലക്ഷം രൂപ ചെലവിൽ തുറമുഖത്ത് ക്രൂ ചെയ്ഞ്ച് ഫെസിലിറ്റേഷൻ സെന്റർ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ക്രൂചെയ്ഞ്ചിംഗിനായി ടഗ്ഗിന്റെ ആവശ്യകത കൂടുതലായി വരുന്ന മുറയ്ക്ക് കൊല്ലം തുറമുഖത്തുനിന്നും ടഗ്ഗുകൾ എത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ